**ഇറാനിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കാൻ ഇന്ത്യ ഓപ്പറേഷൻ സിന്ധു ആരംഭിച്ചു (ജൂൺ 18, 2025)**

ജൂൺ 18, 2025

ഇറാനും ഇസ്രായേലും തമ്മിലുള്ള സംഘർഷത്തിന്റെ ഫലമായി വഷളായിക്കൊണ്ടിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത്, ഇറാനിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും വേണ്ടി കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ഇന്ത്യൻ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരികയാണ്.

2. ആദ്യ ഘട്ടമെന്ന നിലയിൽ, ഇന്ത്യൻ എംബസി വടക്കൻ ഇറാനിൽ നിന്ന് 110 ഇന്ത്യൻ വിദ്യാർത്ഥികളെ ഒഴിപ്പിച്ചു, 2025 ജൂൺ 17 ന് അവരെ അർമേനിയയിലേക്ക് സുരക്ഷിതമായി കടക്കാൻ സഹായിച്ചിരുന്നു. ഇറാനിലെയും അർമേനിയയിലെയും ഇന്ത്യൻ ദൗത്യത്തിന്റെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾ അർമേനിയൻ തലസ്ഥാനമായ യെരേവാനിലേക്ക് റോഡ് മാർഗം യാത്ര ചെയ്തു.  ഈ വിദ്യാർത്ഥികൾ 2025 ജൂൺ 18 ന് 1455 മണിക്ക് പ്രത്യേക വിമാനത്തിൽ യെരേവാനിൽ നിന്ന് പുറപ്പെട്ടു, ആദ്യ ഘട്ട ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇവർ 2025 ജൂൺ 19 ന് പുലർച്ചെ ന്യൂഡൽഹിയിൽ എത്തും.

3. ഒഴിപ്പിക്കൽ ദൗത്യം സുഗമമായി നടപ്പാക്കാൻ സഹായിച്ചതിന് ഇറാൻ, അർമേനിയ ഗവൺമെന്റുകളോട് ഇന്ത്യാ ഗവൺമെന്റ് നന്ദി അറിയിച്ചു.

4. വിദേശത്തുള്ള ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും ഇന്ത്യ ഉയർന്ന മുൻഗണന നൽകുന്നു.  നിലവിലെ ദൗത്യത്തിന്റെ ഭാഗമായി, ഇറാനിലെ ഇന്ത്യൻ എംബസി നിരവധി ഇന്ത്യൻ പൗരന്മാരെ സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ നിന്ന് രാജ്യത്തിനുള്ളിലെ താരതമ്യേന സുരക്ഷിതമായ മറ്റ് പ്രദേശങ്ങളിലേക്ക് മാറ്റുന്നതിനും ക്രമേണ ലഭ്യമായതും സാധ്യമായതുമായ മാർഗത്തിലൂടെ അവരെ ഒഴിപ്പിക്കുന്നതിനും സഹായിക്കുന്നുണ്ട്.

5. ഇറാനിലുള്ള ഇന്ത്യൻ പൗരന്മാരോട് ടെഹ്‌റാനിലെ ഇന്ത്യൻ എംബസിയുമായി അടിയന്തര ഹെൽപ്പ്‌ലൈൻ വഴിയും ന്യൂഡൽഹിയിൽ വിദേശകാര്യ മന്ത്രാലയം സ്ഥാപിച്ച 24x7 കൺട്രോൾ റൂമിലൂടെയും സമ്പർക്കം പുലർത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്.

6. ടെഹ്‌റാനിലെ ഇന്ത്യൻ എംബസിയുടെ എമർജൻസി ഹെൽപ്പ്‌ലൈൻ നമ്പറുകൾ:

i. കോളിന് മാത്രം: +98 9128109115, +98 9128109109

ii. വാട്ട്സാപ്പിന്: +98 901044557, +98 9015993320, +91 8086871709

iii. ബന്ദർ അബ്ബാസ്: +98 9177699036

iv. സഹേദാൻ: +98 9396356649

v. ഇമെയിൽ- cons.tehran@mea.gov.in

ന്യൂഡൽഹിയിൽ വിദേശകാര്യ മന്ത്രാലയം സജ്ജീകരിച്ച 24 X 7 കൺട്രോൾ റൂം ഹെൽപ്പ്‌ലൈൻ നമ്പറുകൾ:

800118797 (ടോൾ ഫ്രീ), + 91-11-23012113, + 91-11-23014104, + 91-11-23017905

വാട്ട്സാപ്പ്: +91-9968291988 ; ഇമെയിൽ- situationroom@mea.gov.in

**ന്യൂഡൽഹി**

**ജൂൺ 18, 2025**